കേരള കാർഷിക സർവകലാശാല

മെയിൻ ക്യാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ

നമ്പർ. **KAUGA/1535/2026-GA-G1** തീയതി : **27.02.2026**

വിജ്ഞാപനം

വിഷയം:- ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് **2026** - വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി - സംബന്ധിച്ച്

കേരള കാർഷിക സർവകലാശാല ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതിനായി തിരഞ്ഞെടുപ്പ് നടത്തേണ്ട സാഹചര്യം സംജാതമായിരിക്കുന്നതിനാൽ **1971**-ലെ കെ.എ.യു ആക്ട് (**1971**-ലെ ആക്ട് നമ്പർ **33**) **10**-ാം വകുപ്പിലെ 'തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ' എന്ന ശീർഷകത്തിന് കീഴിൽ ഉപവകുപ്പ് (**3**) മുതൽ (**6**) വരെ പ്രകാരം സർവകലാശാലയിലെ അദ്ധ്യാപകരിൽ നിന്നും നാല് അംഗങ്ങളെയും സർവകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്നും രണ്ട് അംഗങ്ങളെയും സർവകലാശാലയിലെ അനദ്ധ്യാപക വിഭാഗം ജീവനക്കാരിൽ നിന്നും രണ്ട് അംഗങ്ങളെയും സർവകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നും രണ്ട് അംഗങ്ങളെയും തിരഞ്ഞെടുക്കുന്നതിനായി ഓരോ വിഭാഗത്തിലുമുള്ള സമ്മതിദായകരുടെ പട്ടിക **01.04.2026**-ന് പ്രസിദ്ധീകരിക്കുന്നതാണെന്ന് വിജ്ഞാപനം ചെയ്യുന്നു. പട്ടികകൾ കാർഷിക സർവകലാശാല വെബ്സൈറ്റിലും (**https://www.kau.in**) ലഭ്യമാകുന്നതാണ്.

റിട്ടേണിംഗ് ഓഫീസർ & രജിസ്ട്രാർ